## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നം ഇടാത്ത ചോദ്യം നമ്പർ. T 3852 | 12.12.2018-ൽ മറുപടിയ്ക്ക്

### പ്രളയബാധിതരുടെ ബാങ്ക് വായ്പകൾക്ക് സർക്കാർ മൊറട്ടോറിയം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. രാജു എബ്രഹാം | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) | മഴയിലും വെള്ളപ്പൊക്കത്തിലും കാലവർഷക്കെടുതിയിലും ദുരിതമനുഭവിക്കുന്ന ആളുകൾ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് സർക്കാർ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. 12.10.2018-ലെ സ.ഉ(എം.എസ്)നം. 367/2018/റവ ഉത്തരവ് പ്രകാരം സംസ്ഥാനത്തുണ്ടായ മഹാപ്രളയം കണക്കിലെടുത്ത് സംസ്ഥാനത്തെ കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും, ഹൗസിംഗ് ബോർഡ്, കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ, പിന്നോക്കവിഭാഗ വികസന കോർപ്പറേഷൻ, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പോലുള്ള വിവിധ സംസ്ഥാന സർക്കാർ ഏജൻസികൾ, സഹകരണ ബാങ്കുകൾ കൂടാതെ റവന്യൂ റിക്കവറി ആക്ട് 1968, 71-ാം വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും എടുത്തിട്ടുള്ള ക്ഷീരവികസനവും, മൃഗസംരക്ഷണവും ഉൾപ്പെടെയുള്ള കാർഷിക വായ്പകൾ, വിദ്യാഭ്യാസ വായ്പകൾ എന്നിവ ഉൾപ്പെടെയുള്ള |

| | | | |
|---|---|---|---|
| | | | എല്ലാവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് സർക്കാർ ഉത്തരവ് തീയതിയായ 12.10.2018 മുതൽ ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) | എത്ര തുകവരെ വായ്പ ഉള്ളവർക്കാണ് മൊറട്ടോറിയം ബാധകമായിട്ടുള്ളത്; എത്ര കാലത്തേക്കാണ് ഉള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | 12.10.2018-ലെ സ.ഉ(എം.എസ്)നം. 367/2018/റവ സർക്കാർ ഉത്തരവ് പ്രകാരം ഉത്തരവ് തീയതി മുതൽ ഒരുവർഷത്തേക്കാണ് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവ് പ്രകാരം അനുവദിച്ച മൊറട്ടോറിയത്തിൽ വായ്പാതുകകൾക്ക് പരിധി നിശ്ചയിച്ചിട്ടില്ല. |

Lakshmi

**സെക്ഷൻ ഓഫീസർ**